**പതിനാലാം കേരളനിയമസഭ**

**അഞ്ചാം സമ്മേളനം**

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4252 | 17.05.2017-ൽ മറുപടിക്ക് |
|---|---|

**പ്രകടനക്കാർക്ക നേരെയുള്ള ജലപീരങ്കിപ്രയോഗം**

| | ചോദ്യം<br>ശ്രീ. ടി.എ. അഹമ്മദ് കബീർ | | മറുപടി<br>ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|---|---|
| (എ) | സെക്രട്ടറിയേറ്റിലേക്കും ജില്ലാഭരണകേന്ദ്രങ്ങളിലേക്കും വരുന്ന പ്രകടനക്കാർക്ക നേരെ ജലപീരങ്കികൾ ഉപയോഗിക്കുന്നതുമൂലം അവരിൽ ഉണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | കടുത്ത വരൾച്ചയിൽ ഇത്തരത്തിൽ അശാസ്ത്രീയമായി ജലം പാഴാക്കുന്നത് ഉചിതമാണെന്ന് കരുതുന്നുണ്ടോ? | (ബി) & (സി) | സമരക്കാരും മറ്റും അക്രമത്തിലേയ്ക്ക് തിരിയുന്നഘട്ടത്തിൽ മാത്രം അവരെ അതിൽ നിന്നും പിൻതിരിപ്പിക്കുന്നതിനും നേരിട്ടുള്ള ബലപ്രയോഗം ഒഴിവാക്കുന്നതിനും ഏറ്റവും ലഘുവും ഫലപ്രദവുമായ മാർഗ്ഗമെന്ന നിലയിലാണ് ജലപീരങ്കി ഉപയോഗിച്ച് വരുന്നത്. പ്രകടനക്കാർക്കനേരെ ജലപീരങ്കികൾ ഉപയോഗിക്കുന്നതുമൂലം അവരിൽ ആരോഗ്യപ്രശ്നം ഉണ്ടാകുന്നതായി ഇതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | എങ്കിൽ ജലപീരങ്കികൾക്ക പകരം ആരോഗ്യത്തിന് ദോഷകരമല്ലാത്തവ മറ്റു സംവിധാനങ്ങൾ ഉപയോഗിക്കാൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ